# 1  Group Song from Krubanakramam

മശിഹാരാജോത്ഥാനത്താൽ

നേടീടേണം പുണ്യം നാം

സ്ലീബായാൽ രക്ഷിച്ചോനാം

ദൈവസുതാ നീ പരിശുദ്ധൻ

എന്നേവം വിശ്വാസത്തോ –

ടോതീടാം ഹാലേലുയ്യാ.

മാതാകാദീശന്മാരും

വിശ്വാസം പാലിച്ചോരായ്

ഭൂവാസം കൈവിട്ടോർക്കും

ഓർമ്മയ്ക്കൗന്നത്യം ചേർത്തോൻ

പരിശുദ്ധൻ നീ പരിശുദ്ധൻ

പരിശുദ്ധൻ ഹാലേലൂയ്യാ

നമ്മോടൊപ്പം ബെസ്കുദിശിൽ

നില്ക്കും സ്വർഗ്ഗീയം സൈന്യം

ദേവേശൻ തൻ തനയന്റെ

ഗാത്രത്തെ ആഘോഷിപ്പൂ

വരുവിൻ പുണ്യം പ്രാപിപ്പീൻ

ഹാലേലൂയ് –ഹാ – ലേലൂയ്യാ

താതന്മാർ നേതാക്കന്മാർ

മാതാക്കൾ ഭ്രാതാക്കന്മാർ

നിൻ യാഗത്തിൻ പീഠത്തിൽ

ഓർക്കപ്പെട്ടീടുന്നീശാ

നിർത്തണമവരെ നിൻ വരവിൽ

നിൻ വലമായ് ഹാലേലൂയ്യാ

**2 ഗ്രൂഹപ്രവേശം**

വാഴ്‌വേറ്റബ്രാഹാം -താതൻ തൻ ഭവനം

മൂന്നുപുമാരന്മാരാൽ

സാക്ഷാൽ മണവാളൻ മശിഹാ

സക്കായ് ഭവനത്തെ വാഴ്ത്തി.

സ്വാരാധകരേ - റിയവീട്ടിൽ -തൃത്വം വാണീടണമേ നൽ-

തലമുറയാ-ലിതുവാഴ്ത്തപ്പെടണം.

ഏവൻഗേല്യോനിൽ - മോറാൻ ശിഷ്യരൊടായ്

ചൊല്ലികേട്ടേൻ ഞാൻ

കൈക്കൊൾവൂ നിങ്ങളെ വിടേ-

താവീ-ടെന്നെ കൈക്കൊൾവൂ

അബ്രാഹാമിൻ ഭവനം പോൽ-ഞ്ഞങ്ങളണ്ടൊരു ഭവനത്തെ

രക്ഷകനേ! -വാഴ്ത്തുക തൃക്കൈയ്യാൽ - ബാറേക്മാർ

ശൂന്യാരണ്യത്തിൽ-നേടി സംതൃപ്തി,

ജനമഞ്ചപ്പത്താൽ

ശ്രേഷ്ഠാ-ചാര്യന്മാരാർന്നോ-

രിഗേ-ഹത്തെയുനതിനുള്ളിൽ

പാർപ്പോരേയും രക്ഷകനെ! തൃകൈയ്യാൽ വാഴ്ത്തണമെ-നൽ

തലമുറയാലിതു വാഴ്ത്തപ്പെടണം - മെനഗാലം.

ഏലിയാവി-ന്നാർശീർവാദത്താൽ

വിധവാഗേഹത്തിൽ

കുംഭ-ത്തിൽ ധാന്യപ്പൊടിയും

കൊമ്പിൽ തൈലവുമറ്റില്ല

ആ വരമാർന്നീടട്ടെ നിൻ- ഭക്തരണഞ്ഞോരു ഭവനം നൽ-

തലമുറയാ-ലിതു വാഴ്ത്തപ്പെടണം - മൊറിയോ....